# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ</u>

<u>ചോദ്യം നം.808</u> <u>07.02.2013 ൽ മറുപടിക്ക്</u>

### <u>മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് തടഞ്ഞുവെച്ച നടപടി</u>

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| ശ്രീ. റ്റി.യു.കുരുവിള: | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിൽ ഏത് ജീവനക്കാരന്റെ ആശ്രിതന്റെ ക്യാൻസർ ചികിത്സക്കുള്ള മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആണ് നല്കാതെ തടഞ്ഞ് വച്ചിരിക്കുന്നത്; എങ്കിൽ ആരുടെ; വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും (സി) യും | ആരോഗ്യ വകുപ്പിൽ ഒരു ജീവനക്കാരന്റെയും മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് തടഞ്ഞു വെച്ചിട്ടില്ല. എന്നാൽ 14 ജില്ലകളിലെയും സർക്കാർ ഉദ്യോഗസ്ഥരുടെ സർക്കാർ അംഗീകാരമില്ലാത്ത സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ് റീഇമ്പേഴ്സ് ചെയ്യുന്നത് സംബന്ധിച്ചും അംഗീകാരമുള്ള സ്വകാര്യ ആശുപത്രികളിൽ അംഗീകൃത മെഡിക്കൽ ഓഫീസർ റഫർ ചെയ്യാത്ത കേസുകളിൽ റീ ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതു സംബന്ധിച്ചും സംസ്ഥാനത്തൊട്ടാകെയുള്ള സർക്കാർ ജീവനക്കാർക്ക് പലിശ രഹിത വായ്പ അനുവദിക്കുന്നത് സംബന്ധിച്ചും പരിശോധിക്കുന്നത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ (ജി2) സീറ്റിലാണ്. പലിശരഹിത വായ്പ ഒഴികെയുള്ള കേസുകൾ പലപ്പോഴും സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാത്ത അവസ്ഥ ഉണ്ട്. ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ച ആരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. |
| (ബി) | കാൻസർ രോഗിയുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് സമയത്ത് മാറ്റി നല്കാതെ ഗുരുതരമായ വീഴ്ച ബോധപൂർവ്വം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി എടുക്കുമെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ, എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ